ഉത്തരം

(എ) ദേശസാൽകൃത മേഖലയിലെ സർവ്വീസുകളും വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാനായി വരുമാനം തീരെ കുറവായ പ്രസ്തുത സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(ബി) വരുമാനം തീരെ കുറവാണെന്നു കണ്ടതിനാലാണ് മറ്റു ലാഭകരമായ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻവേണ്ടി ഈ സർവ്വീസ് ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാത്തത്.

(സി) ബസുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതാണ്.

കെ.എസ്.ആർ.ടി.സി. പറവൂർ ഡിപ്പോയിലെ സർവ്വീസുകൾ

112 (1167) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പറവൂർ ഡിപ്പോ എന്നാണ് ആരംഭിച്ചത്. ഇപ്പോൾ എത്ര സർവ്വീസുകൾ ഉണ്ട് ; തുടക്കത്തിൽ എത്ര ആയിരുന്നു. ഡിപ്പോയിലെ സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ് ; ഇത് ബസിന്റെ സ്ട്രെങ്തിന്റെ എത്രയുണ്ടാകണം. എത്രയുണ്ട് ; സ്റ്റാഫിന്റേയും ബസ്സിന്റേയും കുറവുമൂലം എത്ര ബസ്സുകൾ ദിവസവും റദ്ദാക്കുന്നുണ്ട് ;

(ബി) പറവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കഴിഞ്ഞ 10 മാസത്തെ ശരാശരി കളക്ഷൻ എത്രയാണ് ;

(സി) പറവൂർ ഡിപ്പോയിൽ പമ്പ് ഇല്ലാത്തതുകൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഒരു ഡീസൽ പമ്പ് സ്ഥാപിക്കുവാൻ നടപടിയുണ്ടാകുമോ ;

(ഡി) പറവൂർ ഡിപ്പോയിലെ ഗ്യാരേജിന്റെ സ്ഥലപരിമിതി പരിഹരിക്കുവാൻ നടപടിയുണ്ടാകുമോ ;

(ഇ) പറവൂർ ഡിപ്പോയിൽ നിന്നും എൻ.എച്ച്-17, ന്യൂ എം.എൽ.എ. റോഡ്, കാത്തയോർപ്പിള്ളി വഴി എറണാകുളത്തേയ്ക്കും (ലിമിറ്റഡ് സ്റ്റോപ്പ്) കൊടുവള്ളിയിൽ നിന്നും തിരുവനന്തപുരത്തേയ്ക്കും (സൂപ്പർ ഫാസ്റ്റ്) സർവ്വീസ് ആരംഭിക്കുവാൻ നടപടി ഉണ്ടാകുമോ ?

ഉത്തരം

(എ) 22-7-1984-ൽ പറവൂരിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങി. 13-9-87-ൽ സബ് ഡിപ്പോയായി ഉയർത്തി. 17-11-1999-ലെ കണക്കുപ്രകാരം 40 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. 22-7-1984-ൽ 12 സർവ്വീസുകളും 13-9-1987-ൽ 25 സർവ്വീസുകളുമാണ് ഉണ്ടായിരുന്നത്. 40 ഷെഡ്യൂളുകളും കൃത്യമായി നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട മാനദണ്ഡമനുസരിച്ച് 110 ഡ്രൈവർമാരേയും

LIBRARY ARCHIVES Kerala Legislative Assembly

110 കണ്ടക്ടർമാരേയും ആവശ്യമുണ്ട്. ഇപ്പോൾ പറവൂർ ഡിപ്പോയിൽ 3 ഡ്രൈവർമാരുടേയും 7 കണ്ടക്ടർമാരുടേയും കുറവുണ്ട്. ബസ്സിന്റെയും ജീവനക്കാരുടേയും കുറവുമൂലം ദിവസവും ശരാശരി 39 ട്രിപ്പുകൾ കാൻസൽ ചെയ്യേണ്ടതായി വരുന്നുണ്ട്.

(ബി) കഴിഞ്ഞ 10 മാസത്തെ (ഫെബ്രുവരി മുതൽ നവംബർ വരെ ആകെ കളക്ഷൻ 3,5578,194 രൂപയാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ബസ്സുകളുടെ ദൗർലഭ്യംമൂലം പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ തൽക്കാലം കഴിയുകയില്ല.

കായംകുളം ബസ് സ്റ്റേഷനിൽ നിന്നുള്ള സർവ്വീസുകൾ

113 (1168) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-1996 കാലത്ത് കായംകുളം ബസ് സ്റ്റേഷനിൽ നിന്നുള്ള എത്ര സർവ്വീസുകളാണ് നിർത്തലാക്കിയത് ;

(ബി) 1996-1999 കാലത്ത് ഇവയിൽ ഏതെല്ലാം സർവ്വീസുകളാണ് പുനഃസ്ഥാപിച്ചിട്ടുള്ളത് ;

(സി) 1996-99 കാലത്ത് കായംകുളം ഡിപ്പോയിൽ പുതുതായി അനുവദിച്ചിട്ടുള്ള സർവ്വീസുകൾ ഏതെല്ലാണ് ;

(ഡി) ഈ ശബരിമല സീസണിൽ കായംകുളം ഡിപ്പോക്ക് പുതുതായി എത്ര ബസുകൾ സർവ്വീസിനു നൽകി ;

(ഇ) ഈ സീസണിൽ കായംകുളം ഡിപ്പോയിൽനിന്നും എത്ര ബസുകൾ മറ്റു ഡിപ്പോകളിലേക്ക് മാറ്റിയിട്ടുണ്ട് ;

(എഫ്) കായംകുളം ഡിപ്പോയെ ശബരിമല സീസണിൽ സ്പെഷ്യൽ ഓപ്പറേറ്റിംഗ് സെന്ററായി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ അതിനാവശ്യമായ ബസുകൾ നൽകാതിരുന്നത് എന്തുകൊണ്ടാണ് ;

(എച്ച്) ബസുകൾ കുറവായതിനാൽ അയ്യപ്പന്മാർ കായംകുളത്ത് ബസുകളേയും ജീവനക്കാരേയും ആക്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 3 സർവ്വീസുകൾ.

(ബി) ഒരെണ്ണം. 07.00 കായംകുളം-ഗുരുവായൂർ എന്ന സർവീസ് 06.25 കായംകുളം-ഗുരുവായൂർ (മുതുകുളം) ആയി പുനഃസ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly